user *

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

നം.58626/ആർ.സി.2/2013/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്,
തിരുവനന്തപുരം, തീയതി 13 /09 /2013

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്-ഓണാഘോഷം 2013-ഫ്ളോട്ടുകൾ അവതരിപ്പിക്കുന്നത് -സംബന്ധിച്ച്

സൂചന:- 4-9-2013 തീയതിയിലെ ബഹു. ടൂറിസം വകുപ്പുമന്ത്രിയുടെ കുറിപ്പ്.

ഈ വർഷത്തെ ഓണാഘോഷം 2013 സെപ്റ്റംബർ 14 മുതൽ 20 വരെ ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിപുലമായ കലാ സാംസ്കാരിക പരിപാടികളോടെ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഏഴ് ദിവസം നീണ്ടുനിൽക്കുന്ന ഓണാഘോഷത്തിന്റെ സമാപന ദിവസമായ സെപ്റ്റംബർ 20-ന് തിരുവനന്തപുരത്ത് കവടിയാർ മുതൽ കിഴക്കേക്കോട്ട വരെയുള്ള രാജവീഥിയിലൂടെ വർണ്ണശബളമായ ഫ്ളോട്ടുകൾ അണിനിരത്തി അതിമനോഹരമായ ഒരു ഘോഷയാത്ര സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സാംസ്കാരിക ഘോഷയാത്രയിൽ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന/ജില്ലാ/പ്രാഥമിക സഹകരണ ബാങ്കുകൾ, സഹകരണ സംഘങ്ങൾ, കേന്ദ്ര സർക്കാർ സ്ഥാപങ്ങൾ, ദേശസാൽകൃത ബാങ്കുകൾ തുടങ്ങിയവയുടെ പങ്കാളിത്തത്തോടെ കലാ സാംസ്ക്കാരിക പ്രാധാന്യമുള്ള വിഷയങ്ങളെ ആധാരമാക്കി സമൂഹത്തിന് ഉത്തമ സന്ദേശം നൽകുന്ന നൂറോളം വൈവിധ്യമാർന്ന ഫ്ളോട്ടുകൾ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഇത്തരത്തിൽ കമനീയമായ ഫ്ളോട്ടുകൾ അവതരിപ്പിച്ച് ഘോഷയാത്രയിൽ

പങ്കെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളോടും നിർദ്ദേശിക്കുന്നു.

**ജയിംസ് വർഗ്ഗീസ്**

**പ്രിൻസിപ്പൽ സെക്രട്ടറി.**

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ നഗരസഭാ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.